## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1946 | 14.08.2017 ൽ മറുപടിയ്ക്ക് |
|---|---|
| **ഭിന്നലിംഗക്കാരുടെ സുരക്ഷയ്ക്കായുള്ള പദ്ധതികൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി.പി. അയിഷാ പോറ്റി**<br>**പ്രൊഫ.കെ.യു. അരുണൻ**<br>**ശ്രീ.ജോർജ് എം. തോമസ്**<br>**,, കെ.ജെ. മാക്സി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഭിന്നലിംഗക്കാരുടെ സുരക്ഷയ്ക്കായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) ഭിന്നലിംഗക്കാരുടെ ക്ഷേമം സംരക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും അദ്ധ്യാപകർക്കും,പോലീസ് വകുപ്പിനും ആരോഗ്യവകുപ്പിനും ബോധവൽക്കരണ ശില്പശാല നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) ഇവർക്കായുള്ള ക്ഷേമപദ്ധതികളുടെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) 2017-18 സാമ്പത്തിക വർഷത്തിൽ ട്രാൻസ്ജെൻഡേഴ്സിന്റെ ക്ഷേമപ്രവർത്തനങ്ങൾക്കായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പെൻഷൻ പദ്ധതിക്കുമാത്രമായി 3 കോടി രൂപ ടി സാമ്പത്തിക വർഷത്തിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. |
| (സി)ഇവർക്ക് തിരിച്ചറിയൽ കാർഡുകൾ, പെൻഷൻ തുടങ്ങിയവ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. തിരിച്ചറിയൽ കാർഡ്, പെൻഷൻ തുടങ്ങിയവ നൽകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചു വരുന്നു. |
| (ഡി) ഭിന്നലിംഗക്കാർക്ക് നൈറ്റ് സ്റ്റേ ഹോമുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) എറണാകുളം ജില്ലയിൽ Safety Home ആരംഭിക്കുന്നതിന് 01.07.2017 ൽ കൂടിയ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ